| 11-08-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ഇപ്പോൾ നിങ്ങൾ കക്കയിൽനിന്ന് വജ്രസമാനമായി മാറുന്നു, ഈശ്വരന്റെ മടിത്തട്ട് കിട്ടുക, ഇതുതന്നെയാണ് വജ്രമായി മാറുക. ശ്രീമതം നിങ്ങളെ വജ്രതുല്യമാക്കി മാറ്റുന്നു.**

**ചോദ്യം:–** സത്യയുഗത്തിൽ ചിലർക്ക് ചക്രവർത്തി പദവി ചിലർക്ക് ദാസ – ദാസി അല്ലെങ്കിൽ പ്രജാപദവി കിട്ടുന്നു, ഇതിന്റെ കാരണം എന്താണ്?
**ഉത്തരം:–** സത്യയുഗത്തിൽ ചക്രവർത്തി പദവി കിട്ടുന്നത് അവർക്കാണ് ആരാണോ സംഗമയുഗത്തിൽ ജ്ഞാനസാഗരന്റെ പഠിപ്പിനെ നല്ലപോലെ പഠിച്ച് ധാരണ ചെയ്യുന്നത്, ജ്ഞാനരത്നത്തെ ദാനം ചെയ്ത് അനേകരെ തനിക്കു സമാനമാക്കി മാറ്റുന്നത്. ആരാണോ അശ്രദ്ധ കാണിച്ച് ദേഹാഭിമാനത്തിൽ വന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്, അവർ പ്രജാപദവിയിൽ പോകുന്നു. പഠിത്തത്തിൽ ശ്രദ്ധിക്കാത്തവർ തന്നെയാണ് ദാസ ദാസിമാരായി മാറുന്നത്.

**ഓം ശാന്തി** – കക്കയിൽനിന്ന് വജ്രമായി മാറുന്നവരായ സിക്കീലധെ, പുരുഷാർത്ഥി കുട്ടികൾക്ക് ഇതറിയാം, മായയുടെ കൊടുങ്കാറ്റ് വരുമെന്ന്. കുട്ടികൾ കക്കയിൽനിന്ന് വജ്രമായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു. എന്നാൽ ശ്രീമതം പാലിക്കാത്തതു കാരണം വീണ്ടും മായയുടെ കൊടുങ്കാറ്റിൽപെട്ട് ജ്യോതി കെട്ടുപോകുന്നു. ഇതിന്റെ പേരിലും ഗീതം പാടപ്പെടുന്നുണ്ട്. കുട്ടികൾക്ക് ഇപ്പോൾ മനസ്സിലായി നമ്മൾ പൂജ്യ ദേവീ – ദേവതകളായിരുന്നു. ഈ ആത്മാവ് കേൾക്കുന്നു പരിധിയില്ലാത്ത ഉയർന്നതിലും ഉയർന്ന ബാബയിൽനിന്നും. ബാബയുടെ ഈ മഹിമയും പാടപ്പെടുന്നു. ഭഗവാൻ ഉയർന്നതിലും ഉയർന്നതാണ്. മുഴുവൻ ലോകവും ഭഗവാനെത്തന്നെ ഓർമ്മിക്കുന്നു, കാരണം ഈ ലോകം മുഴുവൻ ഇന്ന് ദുഖത്തോട് ദുഖമാണ്. എല്ലാ മനുഷ്യരും വിവേകമില്ലാത്തവരാണെന്ന് കരുതരുത്. മനസ്സിലാക്കുന്നവരും ഉണ്ട്. പ്രാചീനഭാരതം വളരെ ഉയർന്നതായിരുന്നു. എന്നാൽ എല്ലാ ഖണ്ഡങ്ങളും അഥവാ ധർമ്മങ്ങളും ഉണ്ടായിരുന്നില്ല, അതിനാൽ ഭാരതത്തെ പ്രാചീനം എന്ന് പറയുന്നു. ഇത്രയും മനസ്സിലാക്കുന്നു, പക്ഷെ അത് എങ്ങനെ ആയി, എപ്പോൾ ആയി? ഇനി ഭാരതം എപ്പോഴാണ് വജ്രതുല്യമായി മാറുക, ഇത് അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ സന്മുഖത്ത് ഇരിക്കുന്നു, അല്ലെങ്കിൽ പരദേശത്ത് അഥവാ പുറത്തെ സെന്ററുകളിൽ ഇരിക്കുന്നു, അവരും കേൾക്കുന്നു. വജ്രതുല്യമാക്കി മാറ്റുന്ന പരിധിയില്ലാത്ത ബാബ പറയുന്നു – ഇത് നിങ്ങളുടെ അന്തിമ ഈശ്വരീയ ജന്മമാണ്, കാരണം ഭഗവാൻ ഇരുന്ന് വജ്രതുല്യമാക്കി മാറ്റാൻ പഠിപ്പിക്കുന്നു, അപ്പോൾ അങ്ങനെയുള്ള ബാബക്ക് എത്ര ബഹുമാനം കൊടുക്കണം. സത്യമായ അച്ഛൻ, സത്യമായ ടീച്ചർ, സത്ഗുരുവിന് ബഹുമാനം കൊടുക്കണം. ബാബ പറയുന്നു കുട്ടികൾക്ക് സുഖം തരുന്ന ആൾ ഞാൻ തന്നെയാണ്. ഈ സമയം നിങ്ങൾ കുട്ടികൾക്ക് സുഖം തരുന്നതിനുവേണ്ടി ഇവിടെ വന്ന് എന്റെ മതം തരുന്നു. ഭഗവാൻ എന്താണോ ശ്രീമതം തന്നത് അതിനെ മനുഷ്യർ ഗീതയിൽ എഴുതി, എന്നാൽ യഥാർത്ഥമല്ല. ഇപ്പോൾ ബാബ നിങ്ങളെ ഉയർന്നതിലും ഉയർന്ന വജ്രം പോലെയാക്കി മാറ്റുന്നു. സ്വർഗ്ഗത്തിൽ നിങ്ങൾക്ക് മാത്രമേ വരാൻ കഴിയൂ. എന്നാൽ വിശ്വത്തിൽ എല്ലാ ആത്മാക്കളും ബാബയുടെ കുട്ടികളാണ്. പ്രജാപിതാ ബ്രഹ്മാവുണ്ടല്ലോ. ഈ സമയം ശിവബാബയുടെ പേരക്കുട്ടികൾ എന്നു പറയുന്നു. പിന്നെ പൗത്രർ, പ്രപൗത്രർ എന്നും പറയപ്പെടുന്നു. വർദ്ധനവ് വന്നുകൊണ്ടിരിക്കുമല്ലോ. വാസ്തവത്തിൽ എല്ലാവരുടേയും രചയിതാവ് ബാബ തന്നെയാണ്. ചോദിക്കുന്നു നിങ്ങളെ ആരാണ് രചിച്ചത്. അപ്പോൾ പറയുന്നു അല്ലാഹു അല്ലെങ്കിൽ ദൈവം. ഇത്ര അറിയുന്നു എന്നാൽ എങ്ങിനെ രചിച്ചു എന്നറിയുന്നില്ല. ഇത്രയധികം വർദ്ധനവ് എങ്ങിനെ വന്നു എന്നൊന്നും അറിയുന്നില്ല. ഇതൊക്കെ നിങ്ങൾക്കേ അറിയൂ സത്യയുഗത്തിൽ വളരെ കുറച്ചുപേരേ ഉണ്ടാകുന്നുള്ളു. തീർച്ചയായും രചയിതാവും ഉണ്ടാകുമല്ലോ പുതിയ ലോകം രചിക്കുമ്പോൾ. പുതിയ ലോകത്തിൽ ദേവീദേവതാ പദവി പ്രാപ്തമാക്കിക്കുന്നു. അപ്പോൾ പഴയ ലോകത്തിന്റെ വിനാശവും ചെയ്യിക്കണ്ടേ. ഇത് വേറെ ആരും അറിയുന്നില്ല. പുസ്തകം, ശാസ്ത്രമൊക്കെ എഴുതുന്നു. മനസ്സിലാക്കുന്നു ഇത് ഫിലോസഫി (തത്വശാസ്ത്രം) യുടെ ശാസ്ത്രമാണ്. എന്നാൽ ഫിലോസഫി ജ്ഞാനത്തെയാണ് പറയുന്നത്. എന്നാൽ ഇതാർക്കും അറിയുന്നുമില്ല, ജ്ഞാനത്തിന്റെ സാഗരൻ ഒരേയൊരു ബാബയാണ്. നിങ്ങൾ ബാബയിലൂടെ നോളേജ് എടുത്ത് വജ്രതുല്യമായി മാറുന്നു. ഈശ്വരന്റെ മടിത്തട്ടു കിട്ടുക എന്നതു തന്നെ വജ്രതുല്യമായ ജന്മമാണ്. വജ്രതുല്യമാക്കി മാറ്റുന്ന ബാബ നമ്മളെ വജ്രസമാനമാക്കി മാറ്റുന്നു. ആരാണോ ബലിയർപ്പണമാകുന്നത് അവരെപ്രതിയും പാടപ്പെടുന്നു. സത്യയുഗത്തിൽ ബലിയർപ്പണമാകുന്ന കാര്യമേയില്ല. അവിടെ ഈ ചിന്ത പോലും ഉണ്ടാകില്ല.
നിങ്ങൾക്ക് ഇപ്പോഴറിയാം നമ്മൾ ശൂദ്രരാണ്. ദേവതയല്ല. ഇപ്പോൾ നമ്മൾ ബ്രാഹ്മണരാണ്. നിങ്ങളെത്തന്നെയാണ് സ്വദർശനചക്രധാരി എന്ന് പറയുന്നത്. ഇവിടെ നിങ്ങൾ സ്വദർശനചക്രധാരിയായി

മാറി വിഷ്ണുകുലത്തിൽ പോയി രാജ്യം ഭരിക്കും. സ്വദർശനചക്രധാരി, കമലപുഷ്പസമാനം ഇവിടെ ആയി മാറണം. ഇവിടെയാണ് പുരുഷാർത്ഥം, അവിടെ പ്രാലബ്ധം. ഇങ്ങിനെയുള്ള കാര്യം ലോകത്തിൽ ആരും തന്നെ അറിയുന്നില്ല. ബാബ പറയുന്നു – ചിലർ ഒന്നു പറയും – മറ്റു ചിലർ മറ്റൊന്നു പറയും. ചിലർ പറയുന്നു മനുഷ്യർ മരിക്കുന്നു. പിന്നെ പുതിയതായി ജന്മമെടുക്കുന്നു. ചിലർ പറയുന്നു എങ്ങനെ സങ്കൽപ്പം വെക്കുന്നുവോ അങ്ങനെയായി മാറുന്നു. അനേകപ്രകാരത്തിലുള്ള മതമുള്ളവരാകുന്നു. നിങ്ങളാണ് ശ്രീമതത്തിൽ നടക്കുന്നവർ. ശ്രീമതത്തിലൂടെ നിങ്ങളുടെ ശ്രേഷ്ഠമതം ഉണ്ടാകുന്നു. നിങ്ങൾ മനസ്സിലാക്കുന്നു, എല്ലാവരും മനസ്സിലാക്കുന്നില്ല. ചിലർ ലക്ഷാധിപതി, കോടിപതിയാണ്. എന്നാൽ ഈ ജ്ഞാനത്തിൽ വരുന്നത് വലിയ കഷ്ടപ്പാടാണ്. കോടിയിൽ ചിലരാണ് വരുന്നത്. കാരണം സമ്പന്നരുടെ അടുത്ത് പല കുഴപ്പങ്ങളും ഉണ്ടാകും. ഡ്രാമയിലെ പാർട്ട് തന്നെ അങ്ങനെയാണ്. ആരാണോ പാവപ്പെട്ടവർ അവർ തന്നെയാണ് ഈശ്വരന്റെ മടിത്തട്ട് എടുക്കുന്നത്. ഈ രഥം ബാബയുടേതാണല്ലോ. ബാപ്ദാദയും രണ്ടുപേരും ഒരുമിച്ചാണല്ലോ. ഇതും നിങ്ങൾ തന്നെയാണ് അറിയുന്നത്. നിരാകാരനായ ഭഗവാന് തന്റെ ശരീരമില്ല. അതുകൊണ്ട് തീർച്ചയായും ഒരു ശരീരം ലോൺ എടുക്കേണ്ടതായി വരുന്നു. അതുകൊണ്ടാണ് ഭഗവാനുവാച എന്ന് പറയുന്നത്. കൃഷ്ണ ഭഗവാനുവാച എന്നാവാൻ വഴിയില്ല. ശ്രീകൃഷ്ണനെ എല്ലാവരും പെട്ടെന്ന് അറിയും. ഇത് നിരാകാരനാണ്, അതുകൊണ്ട് ആരും അറിയില്ല. ഇന്ന് ഒരുപാടു മനുഷ്യർ വേഷം മാറി കൃഷ്ണന്റെ വേഷം ധാരണ ചെയ്യുന്നു. പൈസ ഉണ്ടാക്കുന്നു. എല്ലാവരും മായയുടെ തടവുകാരായി മാറി. ഇപ്പോൾ നിങ്ങൾ ഈശ്വരന്റേതായി മാറി. ചിലർ 100 ശതമാനം ഈശ്വരന്റേതായി മാറി. ഈശ്വരനെ ശരണം പ്രാപിച്ചു. ബാക്കി എല്ലാവരും മായാരാവണന്റെ ശരണത്തിൽ വന്ന് കുടുങ്ങിക്കിടക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്നു പ്രധാനമായും ഭാരതവാസികൾ മായയുടെ ശോകവാടികയിൽ ഇരിക്കുന്നു. മുഴുവൻ ലോകം ലങ്കയാണ്. ശാസ്ത്രത്തിൽ പരിധിയുള്ള കാര്യങ്ങൾ എഴുതിവച്ചു. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത കാര്യങ്ങൾ കേൾപിക്കുന്നു. നിങ്ങൾക്കറിയാം നമ്മൾ ഇപ്പോൾ ഈശ്വരന്റെ മടിത്തട്ടിലാണ്. പിന്നെ നമ്മൾ പുതിയ ലോകത്തിന്റെ അധികാരി ദേവി – ദേവതയാകും. അവിടെ മായയില്ല. സൂര്യവംശി– ചന്ദ്രവംശി വളരെ വലിയ സമ്പന്നരാകുന്നു. എപ്പോഴാണോ വൈശ്യവംശിയാകുന്നത്, അപ്പോൾ വജ്രങ്ങളും രത്നങ്ങളും പതിച്ച ക്ഷേത്രങ്ങൾ ഉണ്ടാക്കുന്നു. ആദ്യം ആദ്യം രത്നങ്ങളുടേയും വജ്രങ്ങളുടേയും ക്ഷേത്രങ്ങൾ ഉണ്ടാക്കി പിന്നെ അങ്ങിനെയുള്ള കെട്ടിടങ്ങളിൽ തന്നെ വസിച്ചിരുന്നു. അതുകൊണ്ടാണ് പാടപ്പെടുന്നത് ഭാരതം വജ്രസമാനമായിരുന്നു. ഇപ്പോൾ കക്കക്കു തുല്യമായി. ഇത് പതീതലോകം. ഭാരതം സത്യഖണ്ഡം പാവനമായിരുന്നു. ഭാരതം ഇപ്പോൾ പതീതഖണ്ഡമാണ്. ഭാരതത്തെ ഇപ്പോൾ നമ്മൾ പാവനമെന്നു പറയില്ല. ഇപ്പോൾ പാവനമായിക്കൊണ്ടിരിക്കുന്നു. അവിടെ സ്വർഗ്ഗം സമ്പൂർണ്ണ നിർവികാരി ലോകമാണ്. കൃഷ്ണന് വളരെ വലിയ മഹിമയാണ്. കൃഷ്ണനെ ഊഞ്ഞാലിലാട്ടുന്നു, പക്ഷെ ജീവചരിത്ര മറിയില്ല.

നിങ്ങൾക്കറിയാം ഇപ്പോൾ കലിയുഗമാണ്. ഭാരതം തന്നെയായിരുന്നു സത്യയുഗം. ഭാരതവാസികളാണ് 84 ജന്മം എടുക്കുന്നത്. നിങ്ങൾ നല്ലരീതിയിൽ മനസ്സിലാക്കിയാൽ ഈ കാര്യം അംഗീകരിക്കും. ഈ ഈശ്വരീയ മടിത്തട്ടിൽ ഭാരതത്തെ വജ്രസമാനമായി മാറുന്നു. രാജാവും റാണിയും പ്രജയും ഒക്കെ ഒരേപോലെ. പ്രജകളേയും വജ്രതുല്യം എന്നു പറയുന്നു. ഇപ്പോൾ രാജാ– റാണി – പ്രജ കക്കക്കു തുല്യം. ഇപ്പോൾ വജ്രസമാനമാക്കി മാറ്റുന്ന ബാബ വന്നിരിക്കുന്നു. എന്നാൽ പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. വജ്രസമാനമാക്കി മാറ്റുന്ന ബാബയിൽ പൂർണ്ണ യോഗം വെക്കണം. നിങ്ങൾക്കറിയാം ശിവബാബയിലൂടെ നമ്മൾ വൈകുണ്ഠത്തിന്റെ അധികാരികളായി മാറുന്നത് പഠിത്തത്തിന്റെ ആധാരത്തിലാണ്. പഠിത്തത്തിൽ എല്ലാവരും ശ്രദ്ധ വെക്കണം. ഗൃഹസ്ഥത്തിൽ മറ്റു ജോലികൾ ചെയ്തുകൊണ്ടും ഇങ്ങനെ മനസ്സിലാക്കൂ ഞാൻ ഗോഡ് ഫാദറിന്റെ സ്റ്റുഡന്റ് ആണ്. നമ്മുടെ പഠിത്തം വളരെ സഹജമാണ്. ഒരു സെക്കന്റ് എങ്കിലും പോയി കേൾക്കണം തീർച്ചയായും. പോയിന്റ്സ് വളരെ വളരെ നല്ലത് വരുന്നു, ചിലപ്പോൾ ഉടൻ ചിലർക്ക് അമ്പു തറച്ച പോലെ കൊള്ളുന്നു, അതുകൊണ്ട് മുരളി തീർച്ചയായും കേൾക്കണം. കേൾക്കാൻ കഴിയില്ലെങ്കിലും എങ്ങനെയെങ്കിലും പഠിപ്പ് പഠിക്കണം. അതിനും വഴികൾ ഉണ്ടാകും. ആദ്യം ഒരാഴ്ച നല്ലപോലെ മനസ്സിലാക്കണം. പിന്നെ പുതിയ പുതിയ പോയിന്റ്സ് മനസ്സിലാക്കാനും പഠിത്തം തീർച്ചയായും വേണം. ബാബ പഠിപ്പിച്ചുകൊണ്ടേയിരിക്കുന്നു. പോയിന്റ്സ് വന്നുകൊണ്ടേയിരിക്കുന്നു. ബോർഡിലും എഴുതാൻ പറ്റും, സഹോദരീ സഹോദരന്മാരേ വരൂ നിങ്ങൾ എല്ലാവർക്കും ഈ സഹജമായ ജ്ഞാനം, പിന്നെ സഹജരാജയോഗത്തിലൂടെ വജ്രസമാനമായി മാറാം. നിങ്ങളുടെ അടുത്ത് ചിത്രവും മുഴുവൻ ഉണ്ടല്ലോ. ചിത്രത്തിലൂടെ മനസ്സിലാക്കിക്കാൻ എളുപ്പമാണ്. എങ്ങനെയാണോ ചെറിയ കുട്ടികൾക്ക് കളിപ്പാട്ടം കാണിച്ചുകൊണ്ട് പറഞ്ഞുകൊടുത്ത് പഠിപ്പിക്കുന്നത്, ഇത് ആനയാണ്, ഇങ്ങനെ ഇങ്ങനെ ചെയ്യുന്നു, ഇത് ഒട്ടകമാണ്... മനുഷ്യർക്കും പരമാത്മാവിനെ അറിയില്ല. എന്നാൽ ഇതും അറിയില്ല പരമാത്മാവ് എന്തു ചെയ്യുന്നു. ബാബയുടെ കർത്തവ്യം അറിയില്ലായെങ്കിൽ എന്തു മഹത്വമാണ് ഉള്ളത്. എന്നാൽ ചിത്രത്തിലൂടെ

മനസ്സിലാക്കിക്കണം – ഇത് പരംപിതാ പരമാത്മാ ശിവനാണ്, പരമാത്മാവ് വജ്രസമാനമാക്കി മാറ്റുന്നവരാണ്. ബാബയിൽനിന്ന് സമ്പത്ത് കിട്ടുന്നു ബ്രഹ്മാവിലൂടെ. ബ്രഹ്മാകുമാർ – കുമാരിമാരെ ശിവബാബ പഠിപ്പിച്ച് ദേവീ ദേവതകളാക്കി മാറ്റുന്നു. പഠിച്ചതുകൊണ്ടാണല്ലോ ഇപ്പോൾ മനസിലാക്കുന്നതും. മുമ്പ് അറിയില്ലായിരുന്നു, പരംപിതാ പരമാത്മാവ് വന്നു പഠിപ്പിച്ചിരുന്നു എന്ന്. മനസ്സിലാക്കാൻ സഹജമാണ് ഭാരതം മുമ്പു വജ്രസമാനമായിരുന്നു. ഇപ്പോൾ കക്കക്കുതുല്യം. വീണ്ടും കക്കക്കുപിന്നാലെ പോയി എന്തിനു കഷ്ടപ്പെടുന്നു. ഈ മുഴുവൻ ധനവും വസ്തുക്കളും മണ്ണിൽ ചേരേണ്ടതാണ്. ഇപ്പോൾ നിങ്ങൾ സത്യഖണ്ഡത്തിലേക്ക് സത്യമായ സമ്പത്ത് ഉണ്ടാക്കൂ. മുഴുവൻ സമ്പത്ത് എടുക്കാതിരുന്നാൽ തികച്ചും സാധാരണ പ്രജയിലേക്ക് പോകും. പ്രജകളുടേയും സഹായികളായി മാറുന്നു. ബാബയുടേതായി മാറി പിന്നെ ബാബയെ വിട്ടുപോകുന്നു. എന്നാൽ ബാബ മനസ്സിലാക്കിത്തരുന്നു കുട്ടികളേ, വീട്ടിൽ മുരളി വാങ്ങിച്ച് പഠിക്കാമല്ലോ. മുരളി കിട്ടിക്കൊണ്ടിരിക്കും. എവിടെയായിരുന്നാലും തീർച്ചയായും പഠിക്കണം. പഠിക്കൂ. പിന്നെ പഠിപ്പിക്കൂ. വിദേശത്തുള്ളവർക്കും സർവ്വീസ് ചെയ്യാൻ കഴിയും. ബാബയുടെ പരിചയം കൊടുക്കണം. പ്രഭാവം അന്തിമത്തിലേ ഉണ്ടാകൂ. എല്ലാവരും മനസ്സിലാക്കും പ്രാചീനഭാരതം സ്വർഗ്ഗമായിരുന്നു. എത്രപണം ഇവിടെനിന്നും കൊള്ളയടിച്ചുകൊണ്ടുപോയി. സത്യയുഗത്തിൽ ചൈതന്യമായിരുന്ന് മുഴുവൻ ലോകത്തിന്റെ അധികാരിയായി മാറും. രാജ്യം ഭരിക്കും. പിന്നെ ഭക്തിമാർഗ്ഗങ്ങളുടെ ജഡചിത്രവും ഒരു ചെറിയ മുറിയിൽ അടച്ചുവെക്കും, സ്മാരകങ്ങൾ ഉണ്ടാക്കുന്നു. പൂജക്കും സാധനങ്ങൾ വേണമല്ലോ. ഇപ്പോൾ നിങ്ങൾ എല്ലാം മനസ്സിലാക്കി നമ്മൾ എല്ലാവരും പൂജ്യരായിരുന്നു. ഇപ്പോൾ പൂജാരിയായി മാറി. പൂജ്യരിൽനിന്നും പൂജാരിയായി മാറാൻ നമുക്ക് എത്ര സമയം എടുക്കുന്നു. എങ്ങനെ ക്ഷേത്രം ഉണ്ടായി. നമ്മൾ തന്നെയാണ് പിന്നെ അമ്പലങ്ങളും ഉണ്ടാക്കിച്ചത്. നമ്മൾ നമ്മുടെതന്നെ ജഡചിത്രങ്ങൾ ഉണ്ടാക്കി നമ്മൾ തന്നെ സ്വയം പൂജ ചെയ്തു തുടങ്ങി. എത്ര അത്ഭുതകരമായ കാര്യമാണ്. ബാബ മനസ്സിലാക്കിതരുന്നു – കുട്ടികളെ, ഇപ്പോൾ ഒരു തരത്തിലുള്ള കുഴപ്പങ്ങളും ഉണ്ടാക്കരുത്. ദേഹീ അഭിമാനിയായി മാറിയാലേ നിങ്ങൾ വജ്രതുല്യമായി മാറുകയുള്ളൂ. ദേഹാഭിമാനം വരരുത്. ദേഹാഭിമാനത്തിൽ വന്ന് വലിയ വലിയ കുഴപ്പങ്ങൾ ഉണ്ടാക്കുന്നു. എന്നാൽ തന്റെ സത്യനാശം, പിന്നെ മറ്റുള്ളവരേയും സത്യനാശപ്പെടുത്തുന്നു. ഒരേയൊരു ജ്ഞാനസാഗരനിലൂടെ പഠിച്ച് ചിലർ ബാബയുടെ ഹൃദയസിംഹാസനത്തിൽ ഇരിക്കുന്നു, ചിലർ ദാസി ദാസന്മാരും. നോക്കൂ ലക്ഷ്മീനാരായണൻ സ്വർഗ്ഗത്തിന്റെ ചക്രവർത്തിയായിരുന്നു. എത്രമാത്രം മഹിമയാണ് അവർക്കുള്ളത്. പൂജയും കൊടുക്കുന്നു. അമ്പലങ്ങൾ ഉണ്ടാക്കുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മൾ ഇനി സൂര്യവംശീ ലക്ഷ്മീനാരായണനായി മാറുന്നു. പിന്നീട് സൂര്യവംശിയിൽനിന്നും ചന്ദ്രവംശിയിലേക്ക് വരുന്നു. രാജാപദവി എടുക്കുന്നത് എത്ര ഉയർന്നതാണ്. പുരുഷാർത്ഥവും അങ്ങനെ ചെയ്യണം, ചെയ്യിക്കണം. എന്നാൽ ചെയ്യിക്കാനറിയില്ലെങ്കിൽ പുരുഷാർത്ഥവും എങ്ങനെ ചെയ്യണമെന്നും പഠിച്ചിട്ടില്ല. താങ്കൾക്കു സമാനമാക്കി മാറ്റാൻ കഴിയില്ല. രാജാ റാണിയായി മാറാൻ കഴിയില്ല. അവിനാശി ജ്ഞാനരത്നത്തെ ദാനം ചെയ്യണം. ഈ ലഹരി വളരെ കുറച്ചു പേർക്കേ ഉണ്ടാകൂ. ദേഹി അഭിമാനിയുടെ ലഹരിയുണ്ടെങ്കിലേ സന്തോഷത്തിന്റെ ലഹരി കയറൂ. മമ്മ ബാബ നോക്കൂ എത്രമാത്രം ശ്രദ്ധ വെച്ചിരുന്നു. ബാബയും ഇങ്ങനെ ചിന്തിക്കുന്നു ഈ കുട്ടികൾക്ക് അടി കിട്ടുന്നുവെങ്കിൽ എങ്ങനെ രക്ഷപ്പെടുത്താം. ജ്ഞാനം കൊടുക്കുന്നതിലും എത്ര പ്രശ്നങ്ങൾ ഉണ്ടാകുന്നു. സർവ്വശക്തിവാൻ ശിവബാബയിലൂടെ ഭാരതത്തെ വജ്രസമാനമാക്കി മാറ്റുന്ന ലോട്ടറി കിട്ടുന്നു. ഇവിടെ നിങ്ങൾ സന്മുഖത്ത് ഇരുന്നു കേൾക്കുന്നു. നല്ലതായി തോന്നുന്നു. ബാബ ഡോസ് തന്ന് ഉയർത്തിക്കൊണ്ടേയിരിക്കും. കുട്ടികൾ ഓരോ സ്റ്റെപ്പിലും ശ്രീമത്തിൽ നടക്കുക. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) സുഖം തരുന്ന അച്ഛൻ, ടീച്ചർ, സദ്ഗുരുവിന് ബഹുമാനം തീർച്ചയായും കൊടുക്കണം. ബാബയുടെ മതത്തിലൂടെ നടന്ന് ബാബക്ക് ബഹുമാനം കൊടുക്കണം.

2) വീട്ടിലെ ജോലി കാര്യങ്ങൾ മുതലായവ ചെയ്തും സ്വയം ഗോഡ് ഫാദറിന്റെ സ്റ്റുഡന്റ് ആണെന്ന് മനസ്സിലാക്കണം. പഠിത്തത്തിൽ പൂർണ്ണ ശ്രദ്ധ വെക്കണം. മുരളി മുടക്കരുത്. സത്യഖണ്ഡത്തിലേക്ക് സത്യമായ സമ്പാദ്യം സമ്പാദിക്കണം.

**വരദാനം:– ഭൂതം, ഭാവി വർത്തമാനത്തെ അറിഞ്ഞ് മായാജീത്താകുന്ന മാസ്റ്റർ ത്രികാല ദർശിയായി ഭവിക്കൂ**

ഏത് കുട്ടികളാണോ മൂന്ന് കാലങ്ങളെയും അറിയുന്നത് അവർക്കൊരിക്കലും മായയിൽ നിന്ന് തോൽവി യനുഭവിക്കാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ വർത്തമാനം എന്താണ്, ഭാവിയിൽ എന്താണ് നടക്കാൻ പോകുന്നത് രണ്ടും ത്രികാലദർശി ആത്മാവിന്റെ ബുദ്ധിയിൽ സ്പഷ്ടമായി ഉണ്ടായിരിക്കും. എന്താണ്, എന്തായി മാറും, വർത്തമാനവും ഭാവിയും രണ്ടിന്റേയും ലഹരി അവർക്കുണ്ടായിരിക്കും. ആ ലഹരിയു ടെ സന്തോഷത്തിൽ പറന്നുകൊണ്ടിരിക്കുന്നു അതുകൊണ്ട് അവരുടെ പാദം ഭൂമിയിൽ നിന്ന് ഉപരിയായി രിക്കും. അവർ ദേഹം, ദേഹത്തിന്റെ സംബന്ധം, ദേഹത്തിന്റെ പഴയ പദാർത്ഥങ്ങളുടെ ആകർഷണ ത്തിൽ വരില്ല.

**സ്ലോഗൻ:– ആരുടെ പക്കലാണോ സരളതയുടെ ഗുണമുള്ളത് അവർക്ക് സംഘടനയിൽ പോകുക വളരെ സഹജമാണ്.**